# ബാബയ്ക്ക് സമാനമാകുന്നതിനുള്ള സഹജ പുരുഷാർത്ഥം - ആജ്ഞാകാരിയാകൂ

ഇന്ന് ബാപ്ദാദ തന്റെ ഹോളീ ഹംസ സംഘത്തെ കണ്ട് കൊണ്ടിരിക്കുകയാണ്. ഓരോരോ കുട്ടിയും ഹോളീ ഹംസമാണ്. സദാ മനസിൽ ജ്ഞാന രത്നങ്ങൾ മനനം ചെയ്ത് കൊണ്ടിരിക്കുന്നു. ഹോളീഹംസങ്ങളുടെ ജോലി തന്നെ വ്യർത്ഥമാകുന്ന കല്ലുകൾ ഉപേക്ഷിച്ച് ജ്ഞാനരത്നങ്ങൾ മനനം ചെയ്യുക എന്നതാണ്. ഓരോ രത്നവും എത്ര അമൂല്യമാണ്. ഓരോ കുട്ടിയും ജ്ഞാനരത്നങ്ങളുടെ ഖനിയായി മാറിയിരിക്കുന്നു. ജ്ഞാന രത്നങ്ങളുടെ ഖജനാവിനാൽ സദാ നിറഞ്ഞിരിക്കുന്നു.

ഇന്ന് ബാപ്ദാദ കുട്ടികളിൽ ഒരു വിശേഷ കാര്യം പരിശോധിച്ചു. അത് എന്തായിരിക്കും. ജ്ഞാനം അഥവാ യോഗം സഹജമായി ധാരണ ചെയ്യുന്നതിനുള്ള ലളിതമായ മാർഗമാണ് ബാബയുടേയും ദാദയുടേയും ആജ്ഞാകാരിയായിരിക്കുക എന്നത്. ബാബയുടെ രൂപത്തിലും ആജ്ഞാകാരി, ശിക്ഷകന്റെ രൂപത്തിലും, സദ്ഗുരുവിന്റെ രൂപത്തിലും ആജ്ഞാകാരി. മൂന്ന് രൂപങ്ങളിലും ആജ്ഞാകാരിയാകുക എന്നാൽ സഹജ പുരുഷാർത്ഥിയാകുക കാരണം മൂന്ന് രൂപങ്ങളിലൂടെയും കുട്ടികൾക്ക് ആജ്ഞ ലഭിച്ചു കൊണ്ടിരിക്കുന്നു. അമൃതവേള മുതൽ രാത്രി വരെ ഓരോ സമയവും, ഓരോ കർത്തവ്യത്തിന്റെയും ആജ്ഞ ലഭിച്ചിട്ടുണ്ട്. ആജ്ഞയനുസരിച്ച് നടക്കുകയാണെങ്കിൽ യാതൊരു പ്രകാരത്തിലുമുള്ള പരിശ്രമം അല്ലെങ്കിൽ പ്രയാസം അനുഭവപ്പെടുകയില്ല. ഓരോ സമയത്തേയും മനസിലെ സങ്കൽപ്പം, വാക്ക്, കർമ്മം മൂന്ന് പ്രകാരത്തിലുമുള്ള ആജ്ഞ വ്യക്തമായി ലഭിച്ചിട്ടുണ്ട്. ഇത് ചെയ്യണോ വേണ്ടയോ എന്ന് ചിന്തിക്കേണ്ട ആവശ്യം പോലും ഇല്ല. ഇത് ശരിയാണോ തെറ്റാണോ. ചിന്തിക്കേണ്ട ബുദ്ധിമുട്ട് പോലുമില്ല. പരമാത്മാവിന്റെ ആജ്ഞ തന്നെയാണ് സദാ ശ്രേഷ്ഠം. എതെല്ലാം കുമാരന്മാർ വന്നിട്ടുണ്ടോ അവരുടേത് വളരെ നല്ല സംഘടനയാണ്. ഓരോരുത്തരും ബാബയുടേതായപ്പോൾ തന്നെ ബാബയോട് പ്രതിജ്ഞ ചെയ്തിട്ടില്ലേ. ബാബയുടേതായ ഉടനെ ഏറ്റവും ആദ്യം ചെയ്ത പ്രതിജ്ഞ എന്താണ്. ബാബാ ശരീരം, മനസ്, ധനം എന്തെല്ലാം ഉണ്ടോ, കുമാരന്മാരുടെ പക്കൽ ധനം അധികം ഉണ്ടാകില്ല എന്നാലും, എന്താണോ ഉള്ളത് അതെല്ലാം അങ്ങയുടേതാണ്. ഈ പ്രതിജ്ഞ ചെയ്തില്ലേ. ശരീരവും, മനസും, ധനവും, സംബന്ധവും എല്ലാം അങ്ങയോട് - ഈ പ്രതിജ്ഞയും ശക്തമായി ചെയ്തില്ലേ. ശരീരം, മനസ്, ധനം. സംബന്ധം എല്ലാം അങ്ങയുടേതെങ്കിൽ പിന്നെ ബാക്കി എന്റേത് എന്താണ് ഉള്ളത്. വീണ്ടും എന്റേതെന്തെങ്കിലും ഉണ്ടോ. എന്താണ് ഉണ്ടാവുക. ശരീരം, മനസ്, ധനം, ജനം എല്ലാം ബാബയ്ക്ക് സമർപ്പിച്ചു. കർമ്മ മേഖലയിലുള്ളവർ ചെയ്തോ. മധുപൻ നിവാസികൾ ചെയ്തോ. ഉറപ്പല്ലേ. മനസ് ബാബയുടേതാണെങ്കിൽ പിന്നെ എനിക്ക് മനസും ഇല്ലല്ലോ. അതോ മനസ് എന്റേതാണോ. എന്റേ എന്ന് വിചാരിച്ച് ഉപയോഗിക്കണോ. മനസ് ബാബയ്ക്ക് കൊടുത്തു എങ്കിൽ അതും നിങ്ങളുടെ പക്കൽ സൂക്ഷിക്കാൻ ഏൽപ്പിച്ചതാണ്. പിന്നെ എന്തിനാണ് യുദ്ധം ചെയ്യുന്നത്. എന്റെ മനസ് വിഷമിക്കുന്നു, എന്റെ മനസിൽ വ്യർത്ഥം വരുന്നു, എന്റെ മനസ് ചഞ്ചലമാകുന്നു.... എന്റേതേ അല്ല, സൂക്ഷിക്കാൻ ഏൽപ്പിച്ചതാണ്, എങ്കിൽ ഇത് സൂക്ഷിക്കാൻ ഏൽപ്പിച്ചതിനെ സ്വന്തമാക്കലല്ലേ. മായയ്ക്കുള്ള വാതിലാണ് - ഞാനും എന്റേതും. ശരീരം പോലും താങ്കളുടേതല്ലെങ്കിൽ പിന്നെ ദേഹാഭിമാനത്തിന്റെ എന്റെ എന്നത് എവിടെ നിന്നും വന്നു! മനസും നിങ്ങളുടേതല്ല, എങ്കിൽ എന്റെ-എന്റെ എന്ന് എവിടെ നിന്ന് വന്നു. നിങ്ങളുടേതാണോ അതോ എന്റേതോ. ബാബയുടേത് എന്ന് പറയുക മാത്രമാണോ, ചെയ്യേണ്ടേ. പറയുന്നത് ബാബയുടേത് എന്ന് പിന്നെ മനസിൽ എന്റേത് എന്ന്! ആദ്യത്തെ പ്രതിജ്ഞ ഓർമ്മിക്കൂ ദേഹാഭിമാനത്തിന്റെ ഞാനും എന്റേതും അല്ല. അതിനാൽ ബാബയുടെ ആജ്ഞയാണ്, ശരീരവും സൂക്ഷിക്കാൻ ഏൽപ്പിച്ചത് എന്ന് മനസിലാക്കൂ. മനസും സൂക്ഷിക്കാൻ ഏൽപ്പിച്ചതാണ് എന്ന് മനസിലാക്കൂ. എങ്കിൽ പരിശ്രമിക്കേണ്ട ആവശ്യമുണ്ടോ. എന്തെങ്കിലും ദുർബലത വരുന്നു എങ്കിൽ അത് ഈ രണ്ട് ശബ്ദത്തിൽ നിന്നാണ് - ഞാനും എന്റേതും. നിങ്ങളുടെ ശരീരവും അല്ല, ദേഹാഭിമാനത്തിന്റെ ഞാനും അല്ല. മനസിൽ എന്ത് സങ്കൽപ്പം വന്നാലും ആജ്ഞാകാരിയാണെങ്കിൽ ബാബയുടെ ആജ്ഞ എന്താണ്. പോസിറ്റീവ് ചിന്തിക്കൂ, ശുഭഭാവനാ സങ്കൽപ്പം ചെയ്യൂ. ഉപയോഗശൂന്യമായ സങ്കൽപ്പം ചെയ്യുക - ഇത് ബാബയുടെ ആജ്ഞയാണോ. അല്ല. മനസ് നിങ്ങളുടേതല്ല എങ്കിൽ വ്യർത്ഥം സങ്കൽപ്പം ചെയ്യുന്നു എങ്കിൽ ബാബയുടെ ആജ്ഞ പ്രയോഗത്തിൽ കൊണ്ട് വരുന്നില്ല എന്നല്ലേ! ഞാൻ പരമാത്മാവിന്റെ ആജ്ഞാകാരീ കുട്ടിയാണ് എന്ന ഒരു വാക്ക് മാത്രം ഓർമ്മിക്കൂ. ഇത് ബാബയുടെ ആജ്ഞയാണോ അല്ലയോ, എന്ന് ചിന്തിക്കൂ. ആരാണോ ആജ്ഞാകാരീ കുട്ടികൾ അവർക്ക് സദാ ബാബയുടെ ഓർമ്മ സ്വതവേ വരുന്നു. സ്വാഭാവിക സ്നേഹം വരുന്നു. പെട്ടെന്ന് തന്നെ ബാബയുടെ സാമീപ്യം ഉണ്ടാകുന്നു. എങ്കിൽ പരിശോധിക്കൂ ഞാൻ ബാബയുടെ സമീപമാണോ, ബാബയുടെ ആജ്ഞാകാരിയാണോ. ഒരു വാക്ക് അ

മൃതവേളയിൽ ഓർമ്മിക്കാൻ സാധിക്കും – ഞാൻ ആരാണ്. ആജ്ഞാകാരിയാണോ അതോ ഇടയ്ക്ക് ആജ്ഞാകാരിയും ഇടയ്ക്ക് ആജ്ഞയെ മാറ്റി നിർത്തുന്നവനുമാണോ.

ബാപ്ദാദ സദാ പറയുന്നു ഏതെങ്കിലും ഒരു രൂപത്തിൽ ഒരു ബാബയുടെ സംബന്ധം മാത്രമാണ് ഓർമ്മ വരുന്നത് എങ്കിൽ, ഹൃദയത്തിൽ നിന്നും ബാബാ എന്ന് വരും, അതിനാൽ സമീപതയുടെ അനുഭവം ഉണ്ടാകുന്നു. മന്ത്രം പോലെ ബാബാ ബാബാ.. എന്ന് വെറുതെ പറയരുത്, അവർ രാമാ രാമാ എന്ന് പറയുന്നു നിങ്ങൾ ബാബാ ബാബാ എന്ന് പറയുന്നു, എന്നാൽ ബാബാ എന്ന് ഹൃദയത്തിൽ നിന്നും വരണം. ഓരോ കർമ്മം ചെയ്യുന്നതിന് മുമ്പും പരിശോധിക്കൂ ശരീരത്തിന് വേണ്ടി, മനസിന് വേണ്ടി, ധനത്തിന് വേണ്ടി ബാബയുടെ ആജ്ഞ എന്താണ്. കുമാരന്മാരുടെ പക്കൽ എത്ര കുറച്ച് ധനമായാലും ധനത്തിന്റെ കണക്ക് ഏത് പ്രകാരത്തിൽ വെക്കാനാണോ ബാബ ആജ്ഞ നൽകിയിരിക്കുന്നത് അത് പോലെ വെച്ചിട്ടുണ്ടോ. അതോ വരുന്നത് പോലെ ചിലവാക്കുകയും ആണോ. ഓരോ കുമാരനും ധനത്തിന്റെ കണക്കും വെക്കണം. ധനം എവിടെ എങ്ങനെ ഉപയോഗിക്കണം, മനസിനേയും എവിടെ എങ്ങനെ ഉപയോഗിക്കണം, ശരീരത്തേയും എവിടെ ഉപയോഗിക്കണം, ഇതിന്റേയെല്ലാം കണക്ക് ഉണ്ടായിരിക്കണം. ദാദിമാർ ധാരണാ ക്ലാസുകൾ എടുക്കുമ്പോൾ പറഞ്ഞു തരുന്നില്ലേ ധനം എങ്ങനെ ഉപയോഗിക്കണം എന്ന്. കണക്ക് വെച്ചോ! കുമാരന്മാർക്കറിയില്ലേ കണക്ക് എങ്ങനെ വെക്കണം, എവിടെ വെക്കണം, ഇതറിയാമോ. കുറച്ച് പേർ കൈ ഉയർത്തിയിട്ടുണ്ട്, പുതിയവരും ഉണ്ട്, ഇവർക്കറിയില്ല. എന്തെല്ലാം ചെയ്യണം എന്ന് ഇവർക്ക് തീർച്ചയായും പറഞ്ഞ് കൊടുക്കണം. നിശ്ചിന്തരായി മാറും, ഭാരം അനുഭവപ്പെടില്ല, കാരണം നിങ്ങളുടെയെല്ലാം ലക്ഷ്യമാണ്, കുമാരൻ എന്നാൽ ലൈറ്റ്. ഡബിൾ ലൈറ്റ്. ഞങ്ങൾക്ക് നമ്പർ വണ്ണിൽ വരണം എന്ന് കുമാരന്മാർക്ക് ലക്ഷ്യമില്ലേ. അതിനാൽ ലക്ഷ്യത്തോടൊപ്പം ലക്ഷണവും വേണം. ലക്ഷ്യം വളരെ ഉയർന്നതാണ് എന്നാൽ ലക്ഷണം ഇല്ലാ എങ്കിൽ ലക്ഷ്യത്തിൽ എത്തുക പ്രയാസമാണ് അതിനാൽ എന്താണോ ബാബയുടെ ആജ്ഞ അത് സദാ ബുദ്ധിയിൽ വെച്ച് കാര്യത്തിൽ വരൂ.

ബാപ്ദാദ മുമ്പേ പറഞ്ഞിട്ടുണ്ട് ബ്രാഹ്മണ ജീവിതത്തിലെ മുഖ്യ ഖജനാവാണ് – സങ്കൽപ്പം, സമയം, ശ്വാസം. നിങ്ങളുടെ ശ്വാസം പോലും വളരെ അമൂല്യമാണ്. ഒരു ശ്വാസം പോലും സാധാരണം ആകരുത്, വ്യർത്ഥം ആകരുത്. ഭക്തിയിൽ പറയാറുണ്ട് ശ്വാസ ശ്വാസത്തിൽ ഇഷ്ട ദേവനെ ഓർമ്മിക്കൂ എന്ന്. ശ്വാസം പോലും വ്യർത്ഥമായി പോകരുത്. ജ്ഞാന ഖജനാവ്, ശക്തികളുടെ ഖജനാവ്... ഇവയെല്ലാം ഉണ്ട്.എന്നാൽ മുഖ്യമായത് ഈ മൂന്ന് ഖജനാവുകളാണ് – ആജ്ഞയനുസരിച്ച് സഫലമാകുന്നുണ്ടോ. വ്യർത്ഥം വരുന്നില്ലല്ലോ. കാരണം വ്യർത്ഥമായി പോകുന്നതിലൂടെ സമ്പാദ്യം ഉണ്ടാകുന്നില്ല. സമ്പാദ്യത്തിന്റെ കണക്ക് ഇപ്പോൾ ഈ സംഗമത്തിൽ തന്നെ സമർപ്പിക്കണം. സത്യ ത്രേതായുഗത്തിൽ ശ്രേഷ്ഠ പദവി നേടണമെങ്കിലും, ദ്വാപര കലിയുഗത്തിൽ പൂജ്യ പദവി നേടാനാണെങ്കിലും രണ്ടിന്റെയും സമ്പാദ്യം ഈ സംഗമത്തിൽ തന്നെ ചെയ്യണം. ഈ കണക്കനുസരിച്ച് നോക്കൂ സംഗമയുഗത്തിന്റെ ജീവിതത്തിന്റെ, ചെറിയ ഈ ജന്മത്തിലെ സങ്കൽപ്പം, സമയം, ശ്വാസം എത്ര അമൂല്യമാണ്. ഇതിൽ അലസരാകരുത്. വരുന്നത് പോലെ ദിവസം ചിലവാക്കി കളഞ്ഞു, ദിവസം ചിലവാക്കുകയല്ല എന്നാൽ ഒരു ദിവസത്തിൽ വളരെ വളരെ നഷ്ടപ്പെടുത്തി. എപ്പോഴെങ്കിലും അനാവശ്യ സങ്കൽപ്പം, അനാവശ്യ സമയം ഉണ്ടായി എങ്കിൽ ഇങ്ങനെ വിചാരിക്കരുത് – പോട്ടെ 5 മിനിറ്റ് പോയി. ലാഭിക്കൂ. ഇപ്പോഴത്തെ സമയമനുസരിച്ച് നോക്കൂ പ്രകൃതി തന്റെ കാര്യത്തിൽ എത്ര വേഗതയിലാണ്. എന്തെങ്കിലും, എന്തെങ്കിലും കളി കാണിച്ച് തന്നു കൊണ്ടിരിക്കുന്നു . അവിടവിടെയെല്ലാം കളി കാണിച്ച് തന്ന് കൊണ്ടിരിക്കുന്നു . എന്നാൽ പ്രകൃതീപതി ബ്രാഹ്മണ കുട്ടികളുടെ കളി ഒന്ന് മാത്രമാണ് – പറക്കുന്ന കലയുടെ. പ്രകൃതി കളി കാണിച്ചു എന്നാൽ ബ്രാഹ്മണർ തന്റെ പറക്കുന്ന കലയുടെ കളി കാണിച്ച് കൊണ്ടിരിക്കുന്നുണ്ടോ.

ചില കുട്ടികൾ ബാബ് ദാദയെ ഒഡീസയിലെ കടൽക്കാറ്റിന്റെ റിസൾട്ട് എഴുതി നൽകി, ഇങ്ങനെ ഉണ്ടായി, അങ്ങനെ ഉണ്ടായി.... അപ്പോൾ പ്രകൃതിയുടെ ആ കളി കണ്ടില്ലേ. എന്നാൽ ബാബ് ദാദ ചോദിക്കുന്നു നിങ്ങൾ പ്രകൃതിയുടെ കളി കണ്ട് കൊണ്ടിരിക്കുക മാത്രമാണോ ചെയ്തത് അതോ പറക്കുന്ന കലയുടെ കളിയിൽ ബിസിയായോ. അതോ വെറുതെ വാർത്തകൾ കേട്ടിരുന്നോ. വാർത്തകൾ എല്ലാവർക്കും കേൾക്കേണ്ടി വരുന്നു, എന്നാൽ വാർത്തകൾ കേൾക്കുന്നതിൽ എത്രത്തോളം താൽപ്പര്യം ഉണ്ടോ അത്രയും പറക്കുന്ന കലയിൽ ബിസിയായിരിക്കുന്നതിലും താൽപ്പര്യം ഉണ്ടോ. ചില കുട്ടികൾ ഗുപ്ത യോഗികളാണ്, ഇങ്ങനെയുള്ള ഗുപ്ത യോഗികൾക്ക് ബാപ്ദാദയുടെ സഹായവും വളരെ ലഭിക്കുന്നു ഇങ്ങനെയുള്ള കുട്ടികൾ സ്വയം അചഞ്ചലവും, സാക്ഷിയുമായിരിക്കുകയും, സമയമനുസരിച്ച് വായുമണ്ഡലത്തിനും സഹയോഗം നൽകും. ഏത് പോലെ സ്ഥൂല സഹായം നൽകുന്നവർ, ഗവൺമെന്റായാലും, സമീപവാസികളായാലും സഹായം നൽകാൻ തയ്യാറാകുന്നോ അത് പോലെ ബ്രാഹ്മണ ആത്മാക്കളും ത

ങ്ങളുടെ സഹയോഗം – ശക്തി, ശാന്തി നൽകുന്നതിന്റെ, സുഖം നൽകുന്നതിന്റെ ആ ശ്രേഷ്ഠ കാര്യം ചെയ്തുവോ. ഏത് പോലെ ഗവൺമെന്റ് ഇങ്ങനെയെല്ലാം ചെയ്തു, ഇന്ന ദേശം ഇത് ചെയ്തു.... എന്നിങ്ങനെയുള്ള പ്രഖ്യാപനങ്ങൾ ഉടനെ നടത്തുന്നത്, എങ്കിൽ ബാബ്ദാദ ചോദിക്കുന്നു – താങ്കൾ ബ്രാഹ്മണർ നിങ്ങളുടെ ഈ കാര്യങ്ങൾ ചെയ്തുവോ. നിങ്ങളും ജാഗ്രതയോടെ ഇരിക്കണം. സ്ഥൂല സഹായം ചെയ്യുന്നതും ആവശ്യം തന്നെയാണ്, ബാപ്ദാദ തടയുന്നില്ല, എന്നാൽ എന്താണോ ബ്രാഹ്മണാത്മാക്കളുടെ വിശേഷ കാര്യം, ഇത് മറ്റാർക്കും തന്നെ നൽകുവാൻ സാധിക്കില്ല, ഇങ്ങനെയുള്ള സഹായം ജാഗ്രതയോടെ ഇരുന്ന് നിങ്ങൾ നൽകിയോ. നൽകേണ്ടേ. അതോ അവർക്ക് വസ്ത്രം വേണോ, ധാന്യങ്ങൾ വേണോ എന്ന് മതിയോ. എന്നാൽ ആദ്യം മനസിന് ശാന്തി വേണം, നേരിടാനുള്ള ശക്തി വേണം. സ്ഥൂലത്തോടൊപ്പം സൂക്ഷ്മ സഹായവും നൽകാൻ ബ്രാഹ്മണർക്ക് മാത്രമേ കഴിയൂ മറ്റാർക്കും നൽകാൻ സാധിക്കില്ല. ഇത് ഒന്നും അല്ല വെറും റിഹേഴ്സൽ മാത്രമാണ്. യഥാർത്ഥത്തിൽ ഉള്ളത് വരാനിരിക്കുന്നേ ഉള്ളൂ. അതിന്റെ പരിശീലനം ബാബ അല്ലെങ്കിൽ സമയം ചെയ്യിച്ചു കൊണ്ടിരിക്കുന്നു. എങ്കിൽ എന്തെല്ലാം ശക്തികൾ, ഖജനാവുകൾ നിങ്ങളുടെ പക്കൽ ഉണ്ടോ അവയെല്ലാം സമയമനുസരിച്ച് ഉപയോഗിക്കാൻ അറിയുമോ.

കുമാരന്മാർ എന്ത് ചെയ്യും. ശക്തികൾ ശേഖരിച്ചുവോ. ശാന്തി ശേഖരിച്ചുവോ. ഉപയോഗിക്കാൻ അറിയുമോ. കൈ വളരെ നന്നായി ഉയർത്തുന്നുണ്ട്, ഇപ്പോൾ പ്രയോഗിച്ച് കാണിക്കണം. സാക്ഷിയായി കാണണം. കേൾക്കണം, സഹയോഗം നൽകണം. അവസാനം യഥാർത്ഥ പാർട്ട് വരും, അതിനെ സാക്ഷിയായും നിർഭയമായും കാണുകയും പാർട്ട് അഭിനയിക്കുകയും ചെയ്യും. എത് പാർട്ട്. ദാതാവിന്റെ മക്കൾ ദാതാക്കളായി ആത്മാക്കൾക്ക് എന്ത് ആവശ്യമുണ്ടോ അത് നൽകി കൊണ്ടിരിക്കും. മാസ്റ്റർ ദാതാവല്ലേ. സമ്പാദ്യം ശേഖരിച്ച് വെയ്ക്കൂ, നിങ്ങളുടെ കൈയ്യിൽ എത്രത്തോളം സമ്പാദ്യമുണ്ടോ അത്രയും ദാതാവാകാൻ സാധിക്കും. അന്തിമം വരേയും തനിക്ക് വേണ്ടി സമ്പാദിച്ച് കൊണ്ടിരിക്കുകയാണെങ്കിൽ ദാതാവാകുക സാധ്യമല്ല. ഏത് ശ്രേഷ്ഠ പദവിയാണോ അനേക ജന്മത്തേക്ക് നേടേണ്ടത് അത് പ്രാപ്തമാകില്ല, അതിനാൽ ഒരു കാര്യം നിങ്ങളുടെ പക്കൽ ശേഖരിച്ച് വെയ്ക്കൂ. ശുഭ ഭാവനയുടെയും, ശ്രേഷ്ഠ കാമനയുടേയും ഭണ്ഡാരം സദാ നിറഞ്ഞിരിക്കണം. രണ്ടാമത്തേത് – ഏതാണോ വിശേഷ ശക്തികൾ , ആ ശക്തികൾ ഏത് സമയം ആർക്ക് ആവശ്യമുണ്ടോ അവർക്ക് നൽകാൻ കഴിയും. ഇപ്പോൾ സമയമനുസരിച്ച് സ്വന്തം പുരുഷാർത്ഥത്തിൽ സങ്കൽപ്പവും സമയവും നൽകൂ, കൂടെ തന്നെ ദാതാവായി വിശ്വത്തിനും സഹയോഗം നൽകൂ. നിങ്ങളുടെ പുരുഷാർത്ഥം പറഞ്ഞു – അമൃതവേളയിൽ തന്നെ ഞാൻ ആജ്ഞാകാരീ കുട്ടിയാണ് എന്ന് ചിന്തിക്കൂ! ഓരോ കർമ്മത്തിനും ഉള്ള ആജ്ഞകൾ ലഭിച്ചു. ഉണരുന്നതിന്, ഉറങ്ങുന്നതിന്, കഴിക്കുന്നതിന്, കർമ്മയോഗി ആകുന്നതിന്. ഓരോ കർമ്മത്തിന്റേയും ആജ്ഞ ലഭിച്ചു. ആജ്ഞാകാരിയാകുക ഇത് തന്നേയാണ് ബാബയ്ക്ക് സമാനമാകൽ. ശ്രീമതമനുസരിച്ച് മാത്രം നടക്കുക, സ്വന്തം മതമനുസരിച്ചും അല്ല, പരമതമനുസരിച്ചുമല്ല. മാറ്റങ്ങൾ വരുത്തൽ ഇല്ല. ഇടയ്ക്ക് സ്വന്തം മതമനുസരിച്ച്, ഇടയ്ക്ക മറ്റുള്ളവരുടെ മതമനുസരിച്ച് നടക്കുകയാണെങ്കിൽ പരിശ്രമിക്കേണ്ടി വരും. എളുപ്പമാകില്ല കാരണം സ്വന്തം മതവും മറ്റുള്ളവരുടെ മതവും പറക്കാൻ അനുവദിക്കില്ല. സ്വന്തം മതവും മറ്റുള്ളവരുടെ മതവും ഭാരമുള്ളതാണ്, ഭാരം പറക്കാൻ അനുവദിക്കില്ല. ശ്രീമതം ഡബിൾ ലൈറ്റാക്കുന്നു. ശ്രീമതമനുസരിച്ച് നടക്കുക എന്നാൽ സഹജമായി ബാബയ്ക്ക് സമാനമാകുക. ശ്രീമതമനുസരിച്ച് നടക്കുന്നവരെ ഏതൊരു പരിസ്ഥിതിയ്ക്കും താഴെ കൊണ്ട് വരാൻ സാധിക്കില്ല. എങ്കിൽ ശ്രീമതമനുസരിച്ച് നടക്കാൻ അറിയുമോ.

ശരി കുമാരന്മാർ ഇപ്പോൾ എന്ത് ചെയ്യും. ക്ഷണം ലഭിച്ചു. പ്രത്യേക സേവനം ഉണ്ടായി. നോക്കൂ എത്ര പ്രിയപ്പെട്ടവരായി. എങ്കിൽ ഇനി മുന്നോട്ട് എന്ത് ചെയ്യും. പ്രതികരിക്കുമോ അതോ അവിടെ പോയാൽ അവിടുത്തെ, ഇവിടെ വന്നാൽ ഇവിടത്തെ എന്നാണോ. അങ്ങിനെ അല്ലല്ലോ. ഇവിടെ നല്ല സന്തോഷത്തിലാണ്. മായയുടെ യുദ്ധത്തിൽ നിന്ന് രക്ഷപ്പെട്ടു, ഇവിടെ മധുപനിലും മായ വന്നവരായി ആരെങ്കിലും ഉണ്ടോ. മധുപനിലും പരിശ്രമിക്കേണ്ടി വരുന്ന ആരെങ്കിലും ഉണ്ടോ. സുരക്ഷിതരാണ്, നല്ലത്. ബാപ്ദാദയ്ക്കും സന്തോഷമാണ്. യുവാക്കളുടെ ഗ്രൂപ്പിനെ ഗവൺമെന്റും അംഗീകരിക്കുന്ന ഒരു സമയം വരും എന്നാൽ നിങ്ങൾ എപ്പോൾ വിഘ്ന വിനാശകരാകുന്നുവോ അപ്പോഴേ ഉണ്ടാകൂ. വിഘ്നവിനാശകൻ എന്ന് ആരുടെ പേരാണ്. നിങ്ങളുടേ തന്നേ അല്ലേ. കുമാരന്മാരുമായി ഏറ്റ് മുട്ടാൻ വിഘ്നങ്ങൾക്ക് ധൈര്യമുണ്ടാകില്ല, അപ്പോൾ പറയും വിഘ്നവിനാശകൻ എന്ന്. വിഘ്നങ്ങൾക്ക് പരാജയമുണ്ടാകും എന്നാൽ യുദ്ധം ചെയ്യില്ല. വിഘ്നവിനാശകരാകാനുള്ള ധൈര്യമുണ്ടോ. അതോ അവിടെ പോയതിന് ശേഷം കത്ത് എഴുതുമോ ദാദീ വളരെ നല്ലതായിരുന്നു എന്നാൽ അറിയില്ല എന്ത് സംഭവിച്ചു എന്ന്. ഇങ്ങനെ എഴുതില്ലല്ലോ. ഈ സന്തോഷ വാർത്ത എഴുതൂ – ശരി, വളരെ നല്ലത്, വിഘ്നവിനാശകനാണ്. ഒരു വാക്ക് മാത്രം എഴുതിയാൽ മതി. വളരെ നീണ്ട കത്തൊന്നും എഴുതേണ്ട. നല്ലത്. ശരി.

മധുപനിലെ വിശേഷങ്ങളും ബാപ്ദാദയുടെ അടുക്കൽ എത്തി. മധുപനിലുള്ളവർ തങ്ങളുടെ ചാർട്ട് അയച്ചു. ബാപ്ദാദയുടെ അടുത്ത് എത്തി. ബാപ്ദാദ എല്ലാ കുട്ടികളേയും, ആജ്ഞ അനുസരിക്കുന്ന ആജ്ഞാകാരീ കുട്ടികൾ എന്ന കണ്ണോടെ കാണുന്നു. പ്രധാനപ്പെട്ട കാര്യം ലഭിച്ചു, എവറെഡിയായി ചെയ്തിട്ടുണ്ട്, ഇതിന് വിശേഷ ആശീർവാദം നൽകി കൊണ്ടിരിക്കുന്നു. ഓരോരുത്തരും അവരവരുടെ കാര്യം വ്യക്തമായി എഴുതിയിട്ടുണ്ട്. (ദാദിയോട്) താങ്കളും റിസൾട്ട് നോക്കി ക്ലാസ് എടുക്കണം. തന്റെ അവസ്ഥയുടെ ചാർട്ട് നന്നായി എഴുതിയിട്ടുണ്ട്. ബാപ്ദാദ ആശീർവാദം നൽകി കൊണ്ടേ ഇരിക്കുന്നു . സത്യമായ ഹൃദയത്തിൽ സത്യമായ പ്രഭുവിന്റെ പ്രീതിയുണ്ടാകുന്നു. ശരി.

നാലു ഭാഗത്തുമുള്ള ബാപ്ദാദയുടെ ആജ്ഞാകാരീ കുട്ടികൾക്ക്, സദാ വിഘ്ന വിനാശകരായ കുട്ടികൾക്ക്, സദാ ശ്രീമതത്തിലൂടെ സഹജമായി നടക്കുന്ന കുട്ടികൾക്ക്, പരിശ്രമ മുക്തരായി കഴിയുന്നവർക്ക്, സദാ സന്തോഷത്തിൽ പറക്കുന്നവർക്കും പറക്കാൻ സഹായിക്കുന്നവർക്കും, സർവ്വ ഖജനാവിന്റെ ഭണ്ഡാരവും നിറഞ്ഞിരിക്കുന്നവരായ ബാപ്ദാദയുടെ സമീപവും സമാനവും ആയി ഇരിക്കുന്നവരുമായ കുട്ടികൾക്ക് വളരെ വളരെ സ്നേഹ സ്മരണയും നമസ്തേയും. കുമാരന്മാർക്കും, വിശേഷിച്ച് അക്ഷീണരും എവറെഡിയുമായി സദാ പറക്കുന്ന കലയിൽ പറക്കുന്നവർക്കും ബാപ്ദാദയുടെ വിശേഷ സ്നേഹസ്മരണ.

(ബാപ്ദാദ ഡയമണ്ട് ഹാളിലിരിക്കുന്ന എല്ലാ സഹോദരീ സഹോദരന്മാർക്കും ദൃഷ്ടി നൽകുന്നതിനായി ഹാളിലൂടെ കറങ്ങി )

ബാപ്ദാദയ്ക്ക് ഓരോ കുട്ടിയോടും വളരെ വളരെ സ്നേഹമാണ്.എന്നോട് ബാപ്ദാദയ്ക്ക് സ്നേഹം കുറവാണ് എന്ന് ചിന്തിക്കരുത്. നിങ്ങൾ ചിലപ്പോൾ മറന്നേക്കാം എന്നാൽ ബാബ നിരന്തരം ഓരോ കുട്ടിയുടേയും മാല ജപിച്ചു കൊണ്ടിരിക്കുന്നു കാരണം ഓരോ കുട്ടിയുടേയും വിശേഷത ബാപ്ദാദയുടെ കൂടെ തന്നെ ഉണ്ട്. ഒരു കുട്ടിയും വിശേഷതയുള്ളവരല്ല, എന്നല്ല. ഓരോ കുട്ടിയും വിശേഷപ്പെട്ടവരാണ്. ബാബ ഒരിക്കലും ഒരു കുട്ടിയേയും മറക്കുന്നില്ല, അതിനാൽ എല്ലാവരും തന്നെ, വിശേഷ ആത്മാവാണ്, വിശേഷ കാര്യത്തിന് നിമിത്തമായവരാണ്, ഇങ്ങനെ മനസിലാക്കി മുന്നോട്ട് പോയി കൊണ്ടിരിക്കൂ. ശരി.

## വരദാനം - സദാ ആത്മീയ സ്ഥിതിയിലിരുന്ന് മറ്റുള്ളവരേയും ആത്മാവായി കാണുന്ന ആത്മീയ റോസാപുഷ്പങ്ങളായി ഭവിക്കൂ.

ആത്മീയ റോസാപുഷ്പം എന്നാൽ ആരിലാണോ സദാ ആത്മീയ സുഗന്ധം ഉള്ളത്. ആത്മീയ സുഗന്ധമുള്ളവർ എവിടെ നോക്കിയാലും. ആരേ നോക്കിയാലും ആത്മാവിനെ കാണും, ശരീരത്തേയല്ല. അതിനാൽ സ്വയം സദാ ആത്മീയ സ്ഥിതിയിലിരിക്കൂ, മറ്റുള്ളവരേയും ആത്മാവായി കാണൂ. ഏത് പോലെ ബാബ ഉയർന്നതിലും ഉയർന്നതാണോ അതെ പോലെ അതേ പോലെ ബാബയുടെ പൂന്തോട്ടവും ഉയർന്നതിലും ഉയർന്നതാണ്, ആ പൂന്തോട്ടത്തെ വിശേഷ അലങ്കാരമായ റോസാപുഷ്പമാണ് നിങ്ങൾ കുട്ടികൾ. നിങ്ങളുടെ ആത്മീയ സുഗന്ധം അനേക ആത്മാക്കൾക്ക് മംഗളം ചെയ്യുന്നതാണ്.

## സ്ലോഗൻ - മര്യാദ ലംഘിച്ച് ആർക്കെങ്കിലും സുഖം നൽകി എങ്കിൽ അതും ദുഖത്തിന്റെ കണക്കിൽ ശേഖരിക്കപ്പെടുന്നു.